"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.REV-P1/152/2020-REV
റവന്യൂ (പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 05-06-2023

## സർക്കുലർ

വിഷയം:- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയുടെ പുതുക്കിയ ന്യായവില വിജ്ഞാപനം ചെയ്യുന്നത് - സംബന്ധിച്ച് .

സൂചന:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 18.04.2023-ലെ LR/2392/2023-LR(A3) നം. റിപ്പോർട്ട് .

**********************

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച്, സപ്ലിമെന്ററി ബി.ടി.ആർ-ൽ വസ്തുവിന്റെ തരം മാറ്റി 'സ്വഭാവ വ്യതിയാനം നടത്തിയ പുരയിടം' എന്നാക്കുന്നതോടെ, ന്യായവില ക്ലാസ്സിഫിക്കേഷനിൽ മാറ്റം വരുകയും, തന്മൂലം പ്രസ്തുത ഭൂമിയുടെ ക്രയവിക്രയ മൂല്യവും ന്യായവിലയും വർധിക്കുകയും ചെയ്യുന്നു. എന്നാൽ, അപ്രകാരം ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കാതെ തുടരുന്നത് കാരണമായി, ടി ഭൂമി കൈമാറ്റം ചെയ്യപ്പെടുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും രജിസ്ട്രേഷൻ ഫീസിനത്തിലും വലിയ തോതിൽ കുറവ് വരികയും സർക്കാരിന് വരുമാന നഷ്ടമുണ്ടാവുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ, സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയത്തിന്മേൽ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച്, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു .

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, നിലവിൽ ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ചിട്ടുള്ള കേസുകളിലും, തുടർന്ന് ഭാവിയിൽ ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന കേസുകളിലും, ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, പ്രസ്തുത ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും ഇതിനാൽ നിർദ്ദേശം നല്കുന്നു.

MARY LALY C Y

ADDITIONAL SECRETARY

1) ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2) ജില്ലാ കളക്ടർമാർ
3) റവന്യൂ ഡിവിഷണൽ ഓഫീസർമാർ

4) കൃഷി വകുപ്പ്
5) തദ്ദേശസ്വയംഭരണ വകുപ്പ്
6) നികുതി വകുപ്പ്
7) നിയമ വകുപ്പ്
8) വിവരവും, പൊതുജന സമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചരണത്തിന്)
9) കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 05-06-2023 13:46:15
സെക്ഷൻ ഓഫീസർ

പകർപ്പ് :

1) ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2)ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ - യ്ക്ക്